DESPATCHED
On 08/06/2020

29/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1246(4)/2014/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.15990/*എസ്.ഐ.സി–ജി 2/2014*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മുഹമ്മദ് റാഫി പി.എ,
പൈങ്ങാമഠം,
പാലസ് വാർഡ്,
ആലപ്പുഴ– 688 011.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അണ്ടർ സെക്രട്ടറി,
   ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി സെക്രട്ടറി,
   ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 27.09.2013 ൽ ഒന്നാം എതിർ കക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ 06.07.2013ലെ 28669/C2/2013/

H&FWD നമ്പർ കത്ത് പ്രകാരം കക്ഷികളുമായി നടത്തിയ ചർച്ചയ്ക്കുശേഷം സ്വീകരിച്ച നടപടികൾ എന്തെന്നാണ് ചോദിച്ചിരുന്നത്. ഇത് കൃത്യമായി ലഭിച്ചില്ല എന്നു പരാതിപ്പെട്ടാണ് ടിയാൻ 09.11.2013 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 01.07.2014 ൽ കമ്മീഷൻ നൽകിയ നിർദേശപ്രകാരം 17.07.2014 ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ പറയുന്നത് അപേക്ഷകൻ ആവശ്യപ്പെട്ടത് ഹിയറിംഗ് നടത്തിയശേഷം എടുത്ത നടപടികളും, മറ്റു വകുപ്പുകളുമായി നടത്തിയ കത്തിടപാടുകളും സംബന്ധിച്ചാണ്. ഹിയറിംഗിനുശേഷം എടുത്ത നടപടികൾ അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. എന്നാൽ കത്തിടപാടുകൾ നടത്താറില്ല. ഫയൽ തന്നെയാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലേക്ക് അയക്കാറുള്ളത്. വിവരാവകാശ അപേക്ഷ തീർപ്പാക്കുന്ന സമയത്ത് (10.10.2013) ഫയൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്ന് തിരികെ ലഭിക്കാത്തതിനാൽ ഉപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാനും ആയിട്ടില്ല. അപേക്ഷകൻ പേജൊന്നിന് രണ്ടു രൂപ നിരക്കിൽ നാലു രൂപ അടക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉപദേശത്തിന്റെ പകർപ്പ് അയച്ചുകൊടുക്കുന്നതാണെന്നും, OA No. 871/2013 നമ്പർ വ്യവഹാരത്തിൽ സർക്കാർ എടുത്ത അന്തിമ തീരുമാനം അപേക്ഷകൻ അറിഞ്ഞിരുന്നുവെന്ന് 09.01.2014 ലെ വിവരാവകാശ അപേക്ഷയിൽ നിന്നു മനസിലാക്കാവുന്നതുമാണെന്നും, റിപ്പോർട്ടിന്റെ പകർപ്പ് അപേക്ഷകന് അയച്ചു കൊടുത്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

RIGHT TO INFORMATION

3. ഇതെല്ലാം പരിഗണിക്കുമ്പോൾ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഇതിനകം ടിയാന് ലഭിച്ചിട്ടുള്ളതായി കമ്മീഷൻ കരുതുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജി യിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 29.02.2020 ന് ഉത്തരവാകുന്നു.

4. ഇനിയും അപ്പീൽ ഹർജിക്കാരന് പരാതി അവശേഷിക്കുന്നു ണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിക്കുന്ന പക്ഷം, അതൊരു പരാതി ഹർജിയായി പരിഗണിച്ച് കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നുകൂടി നിർദേശിക്കുന്നു.

5. മേല്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഉത്തരവാ കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

re